ഗൾഫ്
വിശേഷം

# നിതാഖാത്:
# പ്രവാസികളുടെ ശോഭനമായ നാളേക്കു വേ




തനിമ ഖോബാർ മേഖല സംഘടിപ്പിച്ച 'നിതാഖാതും പ്രവാസി സമൂഹവും' എന്ന സെമിനാറിൽ നോർക്ക് റൂട്ട്സ് ജനറൽ കൺസൾട്ടന്റ് ശിഹാബ് കൊട്ടുകാട് മുഖ്യപ്രഭാഷണം നിർവഹിക്കുന്നു.

**അൽഖോബാർ:** സുഊദി ഗവൺമെന്റ് നടപ്പിലാക്കി വരുന്ന നിതാഖാത് മലയാളികളടക്കമുള്ള ലക്ഷക്കണക്കിന് പ്രവാസികളെ പ്രയാസപ്പെടുത്താനുള്ളതല്ലെന്നും, നല്ല നാളേക്ക് വേണ്ടിയുള്ളതാണെന്നും, നിലവിലുള്ള ആനുകൂല്യം ഉപയോഗപ്പെടുത്തി ജോലി നിയമവിധേയമാക്കാൻ മുഴുവനാളുകളും ശ്രമിക്കണമെന്നും നോർക്ക റൂട്ട്സ് ജനറൽ കൺസൾട്ടന്റ് ശിഹാബ് കൊട്ടുകാട് അഭിപ്രായപ്പെട്ടു. തനിമ അൽഖോബാർ മേഖല റാക്ക അന്നഹ്ദ ക്ലബ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'നിതാഖാതും പ്രവാസി സമൂഹവും' സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 'സാന്ത്വനമേകാൻ കൈകോർക്കുക' എന്ന പ്രമേയത്തിൽ *തനിമ* സംഘടിപ്പിക്കുന്ന നിതാഖാത് ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് സെമിനാർ ഒരുക്കിയത്. നുഴഞ്ഞുകയറ്റക്കാർക്കല്ലാത്ത ആർക്കും തിരിച്ചുപോക്കിനുള്ള സഹായം സുഊദി സർക്കാർ നൽകിയത് വലിയ അനുഗ്രഹമാണെന്ന് ശിഹാബ് കൊട്ടുകാട് പറഞ്ഞു.

ഇഖാമയോ പാസ്പോർട്ടോ ഇല്ലാത്തവർക്ക്പോലും ഇപ്പോൾ നൽകിയ ആനുകൂല്യം നിശ്ചിത സമയപരിധിക്കുള്ളിൽ ഉപയോഗപ്പെടുത്താം. പാസ്പോർട്ടില്ലാത്തവർക്ക് എംബസി വഴി പാസ്പോർട്ട് തരപ്പെടുത്തി നൽകുവാനുള്ള സംവിധാനമുണ്ട്. ഇന്ത്യൻ മിഷന്റെ നിരന്തര ശ്രമഫലമായാണ് ഈ ആനുകൂല്യം സുഊദി സർക്കാരിൽനിന്ന് നേടിയെടുക്കാനായത്. മന്ത്രിമാരുടെ സന്ദർശനവും സഹായകമായിട്ടുണ്ട്. ഇന്ത്യൻ അംബാസിഡറും, ഡി.സി.എമ്മും ഈ വിഷയത്തിൽ എല്ലാ സഹായവുമായി രംഗത്തുണ്ട്. ഈ ആനുകൂല്യ സമയപരിധി കഴിഞ്ഞാൽ റെയ്ഡുകളിൽ പെടുന്നവർക്ക് ശിക്ഷയായി ലക്ഷം റിയാൽ പിഴയും രണ്ട് വർഷം തടവും വരെ ലഭിക്കുമെന്നതുകൊണ്ട് ഇപ്പോൾ നിയമവിധേയമാക്കാൻ മുടക്കുന്ന ചെറിയ തുക ഒരു നഷ്ടമായി കണക്കാക്കേണ്ടതില്ല. നിയമവിധേയമായാൽ പിന്നീട് പുതിയ വിസയിൽ വരുന്നതിന് ഒരു തടസവുമില്ല.

*തനി*മ സംഘടിപ്പിക്കുന്ന ഈ കാമ്പയിൻ മാതൃകാപരമാണെന്നും യു.പി, ബീഹാർ, രാജസ്ഥാൻ, തമിഴ്നാട് തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രവാസികൾക്കും ഈ സന്ദേശം എത്തിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അഭിമാനത്തോടെയുള്ള ഒരു തിരിച്ചു പോക്കിന് നാം തയാറെടുപ്പ് നടത്തേണ്ടതുണ്ടെന്ന് *തനിമ* അഖില സുഊദി പ്രസിഡന്റ് കെ.എം. ബഷീർ അഭിപ്രായപ്പെട്ടു. സർക്കാർ നൽകുന്ന ഏതെങ്കിലും പുനരധിവാസ പദ്ധതിക്കു മുമ്പിൽ ക്യൂ നിൽക്കുന്നവരാവാൻ വേണ്ടിയല്ല നാം നാട്ടിലേക്ക് പോകുക, പകരം കേരളത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിൽ കൈയൊപ്പ് ചാർത്തിയതിന്റെ അഭിമാനത്തോടെയായിരിക്കും. ദൈവം നമുക്ക് വല്ലതും തരാനുദ്ദേശിച്ചാൽ അത് തടയാൻ ആർക്കും കഴിയില്ലെന്നും, ദൈവം വല്ലതും നിഷേധിച്ചാൽ ആർ വിചാരിച്ചാലും നമുക്ക് ലഭ്യമാകില്ലെന്നും നമസ്കാരശേഷം ഉരുവിടുന്ന പ്രാർഥന നാം ഓർമ്മിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാൻഗൾഫ് അസിസ്റ്റന്റ് മാനേജർ താരിഖ് ശംരി സെമിനാർ ഉദ്ഘാടനം ചെയ്തു.

*തനിമ* ഖോബാർ സോൺ പ്രസിഡന്റ് ഉമർ ഫാറൂഖ് അധ്യക്ഷത വഹിച്ചു. സാജിദ് ആറാട്ടുപുഴ ആശംസാ പ്രസംഗം നടത്തി. ആസിഫ് കക്കോടി സ്വാഗതവും റിയാസ് കൊച്ചി നന്ദിയും പറഞ്ഞു. അബ്ദുൽ കരീം ഖിറാഅത്ത് നടത്തി. *തനിമ* ഒരുക്കിയ ഹെൽപ് ഡെസ്ക് കൗണ്ടർ നിരവധി പേർ ഉപയോഗപ്പെടുത്തി.

## എഴുത്തുകാരുടെ/റിപ്പോർട്ടർമാരുടെ ശ്രദ്ധക്ക്

*പ്രബോധനം* ഇന്റർനാഷ്നലിലേക്കുള്ള ലേഖനങ്ങളും 'ഗൾഫ് വിശേഷ'ത്തിലേക്കുള്ള വാർത്തകളും താഴെ വിലാസത്തിൽ മാത്രം അയക്കുക. അയക്കുന്ന ഫോട്ടോകൾക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ കാപ്ഷൻ നൽകിയിരിക്കണം

**editorprabodhanam@gmail.com**

എഡിറ്റർ

# സാമൂഹിക പുനർനിർമിതിക്ക് യുവാക്കൾ മുന്നോട്ടുവരണം




യൂത്ത്ഫോറം ഹിലാൽ യുവജനസംഗമത്തിൽ സോളിഡാരിറ്റി സംസ്ഥാന സമിതിയംഗം ശിഹാബ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തുന്നു

**ദോഹ:** ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ സാമൂഹിക ബാധ്യതകൾ ഏറ്റെടുത്തുകൊണ്ട് സാമൂഹിക പുനർനിർമിതിക്ക് യുവാക്കൾ മുന്നോട്ട് വരണമെന്ന് സോളിഡാരിറ്റി സംസ്ഥാന സമിതിയംഗം ശിഹാബ് പൂക്കോട്ടൂർ ആഹ്വാനം ചെയ്തു. 'ഞങ്ങൾ യുവാക്കളാണ്' എന്ന പ്രമേയത്തിൽ യൂത്ത്ഫോറം ഹിലാൽ മേഖല മുംതസ അബൂബക്കർ സിദ്ദിഖ് ഇൻഡിപെൻഡന്റ് സ്കൂളിൽ സംഘടിപ്പിച്ച യുവജനസംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിൽ യുവാക്കളെ കാൺമാനില്ല എന്ന് പ്രചരിപ്പിക്കുന്നവർക്ക് കർമശേഷി കൊണ്ട് ഉത്തരം നൽകുവാൻ യുവസമൂഹത്തിന് കഴിയണം. യൗവനമെന്നത് ഒരു നിലപാടിന്റെ പേരാണ്. ഹൃദയത്തിന് നരബാധിക്കാതെ സൂക്ഷിക്കുന്നവർക്കേ ആ നിലപാടിൽ നിവർന്ന് നിൽക്കാൻ സാധിക്കൂ. അദ്ദേഹം പറഞ്ഞു. ലോകത്തുടനീളം നീതിനിഷേധങ്ങളും അവകാശധ്വംസനങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ സമത്വസുന്ദരമായ ലോകത്തിന് ചുക്കാൻ പിടിക്കാൻ സാധ്യമായ യുവത്വമാണ് നമ്മിലുള്ളതെന്ന് ഓർമ വേണം. ചെറുപ്പത്തിന്റെ സോഷ്യൽ നെറ്റ്വർക്കുകളിലെ ഇടപെടലുകളും ചെറുപ്പം സൃഷ്ടിക്കുന്ന സാങ്കേതിക വിദ്യകളും അവരുടെ സിദ്ധാന്തങ്ങളുമാണ് ഇന്ന് ലോകത്തെ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കുന്നത്. ഒന്നുകിൽ ഭീകരർ അല്ലെങ്കിൽ സാമ്രാജ്യത്വ ശക്തികൾ എന്ന് മുതലാളിത്തം പരിചയപ്പെടുത്തിയ പുതുലോകക്രമത്തിലാണ് ചെറുപ്പക്കാർ ജനാധിപത്യംകൊണ്ട് പുതിയ ഇടങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്. തങ്ങൾ രൂപകൽപന ചെയ്ത സിദ്ധാന്തങ്ങൾ സാമ്രാജ്യത്വ ശക്തികളെ തിരിഞ്ഞുകുത്തുകയും സ്വാർഥതയുടെയും ആർത്തിയുടെയും ഇരുട്ടുകളിലേക്ക് മുതലാളിത്തം മനുഷ്യരെ തള്ളിവിടുകയും ചെയ്യുമ്പോൾ നിസ്വാർഥ സേവന മനസ്സോടെ മനുഷ്യരോടൊപ്പം എഴുന്നേറ്റ് നിൽക്കാൻ ആർജ്ജവമുള്ള യുവസമൂഹമുണ്ടാകണം. അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ പ്രസിഡന്റ് കെ.ടി അബ്ദുറഹ്മാൻ യുവജനസംഗമം ഉദ്ഘാടനം ചെയ്തു. യാന്ത്രികതയെ ചോദ്യം ചെയ്യാതെയും മാനുഷികതയെ ഒഴിവാക്കിയും ഒരു സമൂഹത്തിനും പുതിയ കാലത്ത് മുന്നോട്ടുപോകാൻ സാധ്യമല്ലെന്നും, ആശയബലമില്ലാത്ത ഒരാൾക്കൂട്ടത്തിനും സമൂഹത്തിനു വേണ്ടി ഒന്നും ചെയ്യാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. ഹിലാൽ മേഖലാ പ്രസിഡന്റ് ബിലാൽ ഹരിപ്പാട് സ്വാഗതം പറഞ്ഞു. കലാപരിപാടികൾക്ക് യൂത്ത് ക്ലബ്ബ് അൽസദ്ദ് നേതൃത്വം നൽകി. 750 ഓളം യുവാക്കൾ യുവജനസംഗമത്തിൽ പങ്കെടുത്തു.




*മീഡിയാവൺ കുവൈത്ത് ബ്യൂറോ ചീഫ് വി.പി ശൗക്കത്തലി മുഖ്യപ്രഭാഷണം നടത്തുന്നു.*

# പ്രവാസികൾ രാജ്യപുരോഗതിയുടെ നട്ടെല്ല്

**കുവൈത്ത് സിറ്റി:** രാജ്യത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിക്കൊടുക്കുന്ന പ്രവാസികളാണ് രാജ്യപുരോഗതിയുടെ നട്ടെല്ലെന്നും ഇത് തിരിച്ചറിയാൻ പ്രവാസികൾ വൈകിപ്പോയെന്നും മീഡിയ വൺ ടി.വി കുവൈത്ത് ബ്യൂറോ ചീഫും കെ.ഐ.ജി എക്സിക്യൂട്ടീവ് അംഗവുമായ വി.പി ഷൗക്കത്തലി പറഞ്ഞു. ഗൾഫ് നാടുകളിലെ സ്വദേശിവൽക്കരണത്തിന്റെയും കർശനമായ പുതിയ നിയമങ്ങളുടെയും പശ്ചാത്തലത്തിൽ പ്രവാസികൾക്ക് മാർഗനിർദേശങ്ങളും ബോധവൽക്കരണവും നൽകുന്നതിന് 'പ്രവാസം നല്ല നാളെയുടെ കരുതിവെപ്പിന്' എന്ന തലക്കെട്ടിൽ യൂത്ത് ഇന്ത്യ കുവൈത്ത് സംഘടിപ്പിക്കുന്ന കാമ്പയിനിന്റെ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഗൾഫ് പ്രവാസം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇനിയും കറവപ്പശുക്കളായി നിൽക്കാതെ സ്വന്തം അവകാശങ്ങൾ ചോദിക്കാൻ ധൈര്യം കാണിക്കുകയും അത് നേടിയെടുക്കാൻ സമ്മർദശക്തിയായി നിലകൊള്ളുകയും വേണം. വർഷങ്ങളോളം മറ്റുള്ളവർക്ക് വേണ്ടി ജീവിച്ച് ഒടുവിൽ കാര്യമായ നീക്കിയിരിപ്പൊന്നുമില്ലാതെ തിരിച്ചുപോകുന്ന പ്രവാസികളുടെ അനുഭവങ്ങൾ മുന്നിലുണ്ടായിരിക്കെ ഇനിയെങ്കിലും തങ്ങളുടെ ആശ്രിതരെ ബോധവൽക്കരിക്കാനും നാളെക്കുള്ള കരുതിവെപ്പിനായി പദ്ധതികൾ ആസൂത്രണം ചെയ്യാനും ശ്രമിക്കണമെന്ന് അദ്ദേഹം ഉണർത്തി.

അബ്ബാസിയ പ്രവാസി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ യൂത്ത് ഇന്ത്യ പ്രസിഡന്റ് അർഷദ് അധ്യക്ഷത വഹിച്ചു. കാമ്പയിൻ കൺവീനർ അൻവർ ഷാജി കാമ്പയിൻ കാലയളവിലെ പരിപാടികൾ വിശദീകരിച്ചു. ഹോം സിനിമകളുടെ നിർമാതാക്കളായ സലാം കൊടിയത്തൂർ, സിദ്ദീഖ് കൊടിയത്തൂർ എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. യൂത്ത് ഇന്ത്യ ജനറൽ സെക്രട്ടറി പി.ടി ഷാഫി സ്വാഗതമാശംസിച്ചു.






# മലർവാടി കളിക്കൂട്ടം ഗായകൻ അഫ്സൽ ഉദ്ഘാടനം ചെയ്തു

**മനാമ:** മലർവാടി സംഘടിപ്പിച്ച കളിക്കൂട്ടം പ്രശസ്ത പിന്നണി ഗായകൻ അഫ്സൽ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ജമാൽ നദ്‌വിയുടെ ആമുഖത്തോടെ ആരംഭിച്ച പരിപാടിയിൽ സഈദ് റമദാൻ നദ്‌വി അധ്യക്ഷത വഹിച്ചു. കളിക്കൂട്ടം കൺവീനർ കെ.എം മുഹമ്മദ് നിർദേശങ്ങൾ നൽകി. കിഡ്സ്, സബ്ജൂനിയർ, ജൂനിയർ എന്നീ വിഭാഗങ്ങളായി തിരിച്ച് നടത്തിയ മത്സരങ്ങളിൽ നൂറുകണക്കിന് വിദ്യാർഥികൾ പങ്കെടുത്തു. ഗോട്ടികളി, പെനാൽട്ടി ഷൂട്ടൗട്ട്, ഗെസ് വെയിറ്റ്, പൊട്ട് തൊടൽ, ചട്ടിപൊട്ടിക്കൽ, ത്രോ ബോൾ, മെമ്മറി ടെസ്റ്റ്, സ്റ്റിക് ബാലൻസ്, മാസ് ഗിഫ്റ്റ് പാസിംഗ് എന്നിവ നടത്തി. കഴിഞ്ഞ മാസം ഷക്കീൽ ട്രേഡിംഗുമായി സഹകരിച്ച് നടത്തിയ 'മഴവില്ല്' ചിത്രരചനാ മത്സരത്തിൽ വിജയികളായവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും നൽകി. കളിക്കൂട്ടത്തിൽ പങ്കെടുത്ത് വിജയികളായവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ഇ.കെ സലീം, സി. ഖാലിദ്, ജമീല ഇബ്റാഹിം, സുഹൈൽ റഫീഖ്, കെ.ടി സലീം, ഗഫൂർ മൂക്കുതല, എം. അബ്ദുൽ ഖാദർ, ഖലീലുറഹ്മാൻ, മുസ്തഫ, എം. അബ്ബാസ്, സലീന ജമാൽ, സമീറ നൗഷാദ്, റഷീദ സുബൈർ, സാജിദ സലീം, ഷംലശരീഫ്, അഹ്‌ലാം സുബൈർ, വി.കെ നൗഫൽ, സമീർ കണ്ണൂർ, യു.കെ നാസർ, ഫൈസൽ, അബ്ദുസ്സലാം പരിപാടികൾക്ക് നേതൃത്വം നൽകി.

## മധുസൂദനൻ പിള്ളയുടെ കുടുംബത്തിന് *ഒരുമ* സഹായധനം കൈമാറി

**കുവൈത്ത് സിററി:** *ഒരുമ* കുവൈത്തിൽ അംഗമായിരിക്കെ മരണപ്പെട്ട കൊല്ലം ജില്ലയിലെ എഴുക്കോണ സ്വദേശി ഗീഷ്മാലയം മധുസൂദനൻ പിള്ളയുടെ കുടുംബത്തിന് *ഒരുമ*യുടെ സഹായധനം കൈമാറി. മെയ് 3-നാണ് മധുസൂദനൻ പിള്ള കുവൈത്തിൽ മരണപ്പെട്ടത്. *ഒരുമ* കുവൈത്ത് ട്രഷറർ മഹ്സും, *ഒരുമ* പ്രതിനിധി ഹിദായത്തുല്ല, ജമാഅത്തെ ഇസ്‌ലാമി ഏരിയാ പ്രസിഡന്റ് നിസാമുദ്ദീൻ, യൂനിറ്റ് പ്രസിഡന്റ് ശരീഫ്, സിയാദ് മുഹമ്മദ് എന്നിവർ മധുസൂദനൻ പിള്ളയുടെ വീട് സന്ദർശിച്ച് സഹായധനമായ രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് കൈമാറി. കെ.ഐ.ജിയുടെ കീഴിൽ കുവൈത്തിലെ മലയാളികൾക്കായി ആരംഭിച്ച സാമൂഹിക ക്ഷേമ പദ്ധതിയായ ഒരുമയിൽ ജാതി, മത, സംഘടനാ വ്യത്യാസങ്ങൾക്കതീതമായി, ഇരുപത്തൊന്ന് വയസ്സ് പൂർത്തിയായ, കുവൈത്തിൽ സ്ഥിരതാമസക്കാരനായ, ഏതൊരു പ്രവാസി മലയാളിക്കും അംഗമായി ചേരാം.

അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും കൊടുത്തു അംഗമാകുന്നവർ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ അവർ നിർദേശിച്ച വ്യക്തിക്ക് സഹായധനമായി നൽകും. കൂടുതൽ വിവരത്തിന് www.orumakuwait.com എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

## പി.പി കബീറിനും കെ.കെ സുധാകരനും യാത്രയയപ്പ് നൽകി





**ദോഹ:** പ്രവാസജീവിതം മതിയാക്കി നാട്ടിലേക്ക് മടങ്ങുന്ന പ്രമുഖ നാടക പ്രവർത്തകൻ കെ.കെ. സുധാകരൻ, മാധ്യമ പ്രവർത്തകനും ഐ.എം.എഫ് സെക്രട്ടറിയുമായ പി.പി. കബീർ എന്നിവർക്ക് ഫ്രന്റ്സ് കൾച്ചറൽ സെന്റർ യാത്രയയപ്പ് നൽകി. എഫ്.സി.സി എക്സിക്യൂട്ടീവ് ഡയറക്ടർ ഹബീബുറഹ്മാൻ കിഴിശ്ശേരി, വോയ്സ് ഓഫ് കേരള അഹ്‌ലൻ ദോഹ പ്രോഗ്രാം എഡിറ്റർ യതീന്ദ്രൻ മാസ്റ്റർ എന്നിവർ ഉപഹാരം നൽകി. നടൻ മോഹനൻ അയിരൂർ, എം.ടി നിലമ്പൂർ, അൻവർ ബാബു, ബാവ വടകര, ഇഖ്ബാൽ ചേറ്റുവ, ശ്രീകുമാർ, ഫാറൂഖ് വടകര സംസാരിച്ചു. എ.വി.എം ഉണ്ണി പരിപാടി നിയന്ത്രിച്ചു. ഫരീദ് തിക്കോടി നന്ദി പറഞ്ഞു.